**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1809** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>സർവ്വകലാശാല കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 നിയമനം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ഡോ. എം. കെ. മുനീർ | ശ്രീ. റോജി എം. ജോൺ |
| ഡോ. എം. കെ. മുനീർ | (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

**(എ)** കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2, കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 1, കംപ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, കംപ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്, ഓഫീസ് സൂപ്രണ്ട് എന്നീ തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് നൽകിയ സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകളിൽ അനുവദനീയമായ എത്ര തസ്തികകൾ വീതമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര തസ്തികകളിൽ നിലവിൽ ആളുകൾ ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** സർവകലാശാലകളിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ **<u>അനുബന്ധമായി</u>** ചേർക്കുന്നു.

**(ബി)** കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ഓരോ സർവ്വകലാശാലകളിലും എത്ര വീതം ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിലവിലുള്ളതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** കേരള സർവകലാശാല – 4

**(സി)** വിവിധ സർവ്വകലാശാലകളിലെ കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിലവിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർവ്വകലാശാലകളിലെ കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

**(ഡി)** വിവിധ സർവ്വകലാശാലകളിലെ കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഒഴിവുകൾ ഇ-വേക്കൻസി സോഫ്റ്റ്വെയർ മുഖേന സമയബന്ധിതമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സർവകലാശാലകൾ സ്വീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## കേരള സർവകലാശാല

| തസ്തിക | തസ്തികകളുടെ എണ്ണം | നിലവിലുള്ള ജീവനക്കാരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II | 36 | 32 | 04 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് I | 34 | 34 | Nil |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ് ) | 34 | 34 | Nil |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ് ) | 34 | 34 | Nil |
| ഓഫീസ് സൂപ്രണ്ട് | 30 | 30 | Nil |
| ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ് | 29 | 29 | Nil |

## എം.ജി. സർവകലാശാല

<table>
<tr><th>ക്രമ നം.</th><th>തസ്തിക</th><th>അനുവദനീയ തസ്തികകളുടെ എണ്ണം</th><th>നിലവിലുള്ള ജീവനക്കാരുടെ എണ്ണം</th><th>ഒഴിവുകളുടെ എണ്ണം</th></tr>
<tr><td>1</td><td>ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ്</td><td>19</td><td>19</td><td rowspan="6">9</td></tr>
<tr><td>2</td><td>ഓഫീസ് സൂപ്രണ്ട്</td><td>19</td><td>19</td></tr>
<tr><td>3</td><td>കമ്പ്യൂട്ടർ അസിസ്റ്റൻറ് സെലക്ഷൻ ഗ്രേഡ്</td><td>19</td><td>19</td></tr>
<tr><td>4</td><td>കമ്പ്യൂട്ടർ അസിസ്റ്റൻറ് സീനീയർ ഗ്രേഡ്</td><td>19</td><td>17</td></tr>
<tr><td>5</td><td>കമ്പ്യൂട്ടർ അസിസ്റ്റൻറ് ഗ്രേഡ് I</td><td>19</td><td>12</td></tr>
<tr><td>6</td><td>കമ്പ്യൂട്ടർ അസിസ്റ്റൻറ് ഗ്രേഡ് II</td><td>19</td><td>19</td></tr>
</table>

## കാലിക്കറ്റ് സർവകലാശാല

| തസ്തിക | അനുവദനീയ മായ എണ്ണം | നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II | 31 | 21 | 10 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് I | 31 | 31 | - |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് | 31 | 31 | - |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് | 31 | 31 | - |
| ഓഫീസ് സുപ്രണ്ട് | 30 | 30 | - |
| ഓഫീസ് സുപ്രണ്ട് ഹയർ ഗ്രേഡ് | 29 | 29 | - |

*** മേൽ തസ്തികകളിൽ എൻട്രി കേഡർ ആയ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ മാത്രമാണ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവരുന്നത്.**

## കണ്ണൂർ സർവകലാശാല

കണ്ണൂർ സർവകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗത്തിലെ തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്നു :

| തസ്തിക | അംഗീകൃത തസ്തികകൾ | നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | ഒഴിവുകൾ |
|---|---|---|---|
| കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II | 6 | 2 | 04 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് I | 5 | 5 | --- |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് | 5 | 5 | --- |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് | 5 | 5 | --- |
| ഓഫീസ് സൂപ്രണ്ട് | 3 | 3 | --- |
| ഓഫീസ് സൂപ്രണ്ട്(HG) | 3 | 3 | --- |

## കുസാറ്റ്

കൊച്ചി സർവ്വകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2, ബന്ധപ്പെട്ട പ്രൊമോഷൻ തസ്തികകൾ

എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| തസ്തിക | തസ്തികകളുടെ എണ്ണം | നിലവിൽ ജോലി ചെയ്യുന്നവർ | ഒഴിവുകൾ |
|---|---|---|---|
| കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 | 21 | 15 | 6 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 1 | 20 | 20 | 0 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് | 20 | 20 | 0 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് | 20 | 20 | 0 |
| ഓഫീസ് സൂപ്രണ്ടന്റ് | 8 | 8 | 0 |
| ഓഫീസ് സൂപ്രണ്ടന്റ് ഹയർ ഗ്രേഡ് | 8 | 8 | 0 |

## ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല

| | Sanctioned Strength | Currently working |
|---|---|---|
| Computer Assistant Grade 2 | 3 | 3 |
| Computer Assistant Grade 1 | 3 | 3 |
| Computer Assistant (Sr. Grade) | 2 | 2 |
| Computer Assistant (Sel. Grade) | 2 | 2 |
| Office Superintendent | 1 | 1 |

## നുവാൽസ്

കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 എന്ന തസ്തികയിൽ അനുവദനീയമായ ഒരു ഒഴിവിലേക്ക് PSC മുഖാന്തിരം നിയമനം ചെയ്യപ്പെട്ടിട്ടുണ്ട്. ബാക്കി പറഞ്ഞിരിക്കുന്ന തസ്തികകൾ ഒന്നുംതന്നെ നിയമ സർവ്വകലാശാലയിൽ നിലവിലില്ല.

## തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

മലയാള സർവകലാശാലയിൽ തസ്തികകൾ അനുവദിച്ചിട്ടില്ല.

## എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല

എ പി ജെ അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2, കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 1, കംപ്യൂട്ടർ അസിസ്റ്റന്റ്സീനിയർ ഗ്രേഡ്, കംപ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്, ഓഫീസ് സൂപ്രണ്ട് എന്നീ തസ്തികകൾ അനുവദിച്ചു നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ